# പൊതു നിബന്ധനകളും വ്യവസ്ഥകളും

4-മത് നില, ഫേസ് II, സ്പെൻസർ പ്ലാസ, നം .769, അണ്ണാശാല, ചെന്നൈ 600 002, എന്ന വിലാസത്തിൽ രെജിസ്ട്രേഡ് ഓഫീസ് ഉള്ള, 1949 -ലെ ബാങ്കിംഗ് നിയമ പ്രകാരം ബാങ്കിംഗ് സേവനം നൽകുന്ന, - 1956 ലെ കമ്പനി നിയമപ്രകാരം റെജിസ്റ്റർ ചെയ്ത ബാങ്കിംഗ് കമ്പനിയായ **ഇക്വിറ്റാസ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് (ESFB)** ആണ് നിങ്ങൾക്ക് പ്രീപെയ്ഡ് കാർഡ് നൽകുന്നത് ഇനിമുതൽ "**ഇക്വിറ്റാസ് ബാങ്ക്** " എന്ന് പരാമർശിക്കപ്പെടും.

(**നിബന്ധനകളും വ്യവസ്ഥകളും**) കാർഡ് ഉപയോഗിക്കുന്നതിന് മുൻപായി, താഴെ കൊടുത്തിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും ദയവായി വായിക്കുക. അതുപോലെ കൂടുതൽ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും www.equitasbank.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഇക്വിറ്റാസ് ബാങ്ക് പ്രീപെയ്ഡ് കാർഡ് ഉപയോഗിക്കുക വഴി, നിബന്ധനകളും വ്യവസ്ഥകളും നിബന്ധനകൾ ഇല്ലാതെയും, മാറ്റമില്ലാതെയും അനുസരിക്കാമെന്ന് നിങ്ങൾ സമ്മതിക്കുന്നു. അതുപോലെ പൂർണ്ണ സമയവും അത് ബാധകമായിരിക്കുകയും ചെയ്യും അതിനാൽ നിബന്ധനകളും വ്യവസ്ഥകളും വായിച്ചു മനസ്സിലാക്കേണ്ടതാണ്. കർഡിൻറ്റെ ഉപയോഗത്തെ നിയന്ത്രണവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ/ സർക്കുലറുകൾ എന്നിവയിൽ ഏതെങ്കിലും മാറ്റങ്ങൾ/ ഭേദഗതികൾ ഉണ്ടാവുകയാണെങ്കിൽ, അത് അയാളെ/ അവളെ അപ്ഡേറ്റ് ചെയ്യുവാൻ നിങ്ങൾ ബാദ്ധ്യസ്ഥനാവുകയാണ്.

സമയാസമയങ്ങളിൽ പ്രാബല്യത്തിൽ ഉള്ള, കാർഡ് ഉപയോഗവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ/ സർക്കുലറുകൾ കാർഡ് ഉടമ ലംഘിച്ചാൽ ഉണ്ടാകുന്ന എല്ലാ ബാദ്ധ്യതകളും ESFB നിരാകരിക്കുന്നു.

നിബന്ധനകളും വ്യവസ്ഥകളും സ്വീകാര്യമല്ലെങ്കിൽ, കാർഡ് ഉടമ കാർഡുകൾ ഉപയോഗിക്കാതിരിക്കാതിരിക്കുകയും കാർഡ് ESFB യെ തിരികെ ഏല്പ്പിക്കുകയും വേണം. ബാങ്കിന്റെ പരാതി പരിഹരണ നയങ്ങൾ ബാങ്കിന്റെ വെബ്സൈറ്റ് ആയ www.equitasbank.com -ൽ വായിക്കുകയോ നിങ്ങളുടെ അടുത്ത ശാഖയുമായി ബന്ധപ്പെടുകയോ ചെയ്യണമെന്ന് ESFB ആവശ്യപ്പെടുന്നു. ഈ നയം, RBI യുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് രൂപപ്പെടുത്തിയിരിക്കുന്നതാണ്. നിങ്ങളുടെ അക്കൗണ്ട്/ കാർഡ് നിങ്ങളുടെ അറിവില്ലാതെ ഡെബിറ്റ് ഇടപാടുകൾ നടത്താൻ ഉപയോഗിച്ച സന്ദർഭത്തിൽ ഇത് നിങ്ങളുടെ സഹായത്തിനെത്തും.

കാർഡ് അക്കൗണ്ട് വിശദാംശങ്ങൾ ആക്സസ് ചെയ്യുന്നതിന്: ലഭ്യമായയമായ ബാലൻസ് (കാർഡ് ബാലൻസ്) ഉൾപ്പടെയുള്ള കാർഡ് സംബന്ധിച്ച വിവരങ്ങൾ www.equitasbank.com എന്ന വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്തിട്ടോ അല്ലെങ്കിൽ നിങ്ങളുടെ കാർഡിന്റെ പുറകിൽ നൽകിയിട്ടുള്ള ഫോൺ നമ്പറിൽ/ ഈമെയിലിൽ ബന്ധപ്പെട്ട് കസ്റ്റമർ സർവീസ് സെന്ററിൽ നിന്നോ അറിയാവുന്നതാണ്.

കാർഡ് ഉടമകളുടെ നിയമ ബാദ്ധ്യതകൾ

കാർഡ് ലഭിച്ചാൽ ഉടൻ തന്നെ അതിന്റെ പുറകിൽ നിങ്ങൾ ഒപ്പ് ഇട്ടിരിക്കണം. നിങ്ങൾ മറ്റൊരാളെ ഈ കാർഡ് ഉപയോഗിക്കുവാൻ അനുവദിക്കരുത്

ESFB നൽകിയിരിക്കുന്ന പ്രീപെയ്ഡ് കാർഡുകൾ, സമയാസമയങ്ങളിൽ ബാങ്ക് അനുവദിക്കുന്ന ഇന്ത്യയ്ക്ക് അകത്തുള്ള ഇടപാടുകൾക്ക് മാത്രമെ ഉപയോഗിക്കാൻ കഴിയുകയുള്ളു, അതായത്, പോയിന്റ് ഓഫ് സെയിൽ (POS), ഇ - കോമേഴ്സ് RuPay/VISA/MasterCard എന്നിവ സ്വീകരിക്കുന്ന എല്ലാ ATM കൾ എന്നിവ എന്നിരുന്നാലും, പ്രീപെയ്ഡ് ഗിഫ്റ്റ് കാർഡുകൾ പോയിന്റ് ഓഫ് സെയിൽസിലും (POS) ഇ - കോമേഴ്സ് ഇടപാടുകൾക്കും മാത്രമെ ഉപയോഗിക്കാൻ കഴിയുകയുള്ളു. പണംൻ പിൻവലിക്കൽ, ക്യാഷ് ഔട്ട്, റീഫണ്ട്, ഫണ്ട് ട്രാൻസ്ഫർ എന്നിവ പ്രീപെയ്ഡ് ഗിഫ്റ്റ് കാർഡിൽ അനുവദനീയമല്ല.

പ്രീപെയ്ഡ് കാർഡുകൾ എല്ലാക്കാലത്തും ESFB യുടെ സ്വത്തായിരിക്കും മാത്രമല്ല, ബാങ്ക് ആവശ്യപ്പെടുമ്പോൾ അത് നിബന്ധനകൾ ഏതും ഇല്ലാതെ തന്നെ, ഉടനടി മടക്കി നൽകേണ്ടതാണ്

പ്രീപെയ്ഡ് കാർഡുകൾ ഒരു കാരണവശാലും കൈമാറ്റം ചെയ്യുകയോ മറ്റൊരാളെ ഏല്പ്പിക്കുകയോ ചെയ്യരുത്.

കാർഡ് ഉട്മകൾക്ക് POS കളിലും ATM കളിലും പ്രീപെയ്ഡ് കാർഡ് ഉപയോഗിക്കാൻ സഹായിക്കുന്ന പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ (PIN) കാർഡ് ഉടമ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്, അത് കാർഡ് ഉടമയുടെ സ്വകാര്യ ആവശ്യത്തിനുള്ളതാണ്. PIN യാതൊരു കാരണവശാലും മറ്റൊരാൾക്കോ, ബാങ്ക് ജീവനക്കാർക്കോ, വ്യാപാര സ്ഥാപനങ്ങളിലോ, സ്വമേധായായോ മറ്റേതെങ്കിലും വിധത്തിലൊ വെളിപ്പെടുത്തരുത്.

RBI നിർദ്ദേശങ്ങൾ അനുസരിച്ചും, കാർഡ് ഇടപാടുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും കാർഡ് നൽകുമ്പോൾ/ പുതുക്കി നൽകുമ്പോൾ, ഇന്ത്യയ്ക്കകത്തെ ATM പോയിന്റ് ഓഫ് സെയിൽ (POS) എന്നിവ പോലുള്ള കോണ്ടാക്റ്റ് അടിസ്ഥാനമായ പോയിന്റുകളിൽ മാത്രം ഉപയോഗിക്കാൻ ആവുന്ന തരത്തിൽ പരിമിതപ്പെടുത്തിയിരിക്കും. കാർഡ് നേരിട്ട് ഉപയോഗിക്കാതെയുള്ള ഇടപാടുകൾ (ഓൺലൈൻ ഇടപാടുകൾ/ ഇ കോമേഴ്സ്) സധ്യമാക്കുവാൻ, ഉപഭോക്താക്കൾക്ക് സൗകര്യം നൽകിയിട്ടുണ്ട്. അത് മൊബൈൽ ആപ്പിൽ/ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്തോ / ATM / ഇന്ററാക്റ്റീവ് വോയ്സ് റെസ്പോൺസ്(IVR) / ശാഖകൾ / ഓഫീസുകൾ വഴിയോ എനേബിൾ ചെയ്യാവുന്നതാണ്. എല്ലാത്തരം ഇടപാടുകൾക്കും – ആഭ്യന്തര, PoS / ATM / ഓൺലൈൻ ഇടപാടുകൾ മുതലായവ, ഇടപാട് പരിധികൾ സ്വിച്ച് ഓഫ്/ഓൺ ചെയ്യാനും ക്രമീകരിക്കാൻ/ ഭേദഗതി ചെയ്യാൻ (ESFB, ഏതെങ്കിലും പരിധികൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിനുള്ളിൽ നിന്നുകൊണ്ട്) ഉള്ള സൗകര്യം അധികമായി നൽകിയിട്ടുണ്ട് നൽകിയിട്ടുണ്ട്.

മാർഗ്ഗനിർദ്ദേശങ്ങളിലെ ഈ വകുപ്പുകൾ പ്രീപെയ്ഡ് ഗിഫ്റ്റ് കാർഡുകൾക്കും മാസ്സ് ട്രാൻസിറ്റ് സിസ്റ്റത്തിൽ ഉപയോഗിക്കുന്നവർക്കും നിർബന്ധമില്ല.

തുക പിൻവലിക്കൽ, കൈമാറ്റം, വ്യാപാര ഇടപാടുകൾ എന്നിവ വഴി കാർഡ് ഉപയോഗിച്ച് ചെലവാക്കിയ തുക കാർഡ് ഉടമയുടെ പ്രീപെയ്ഡ് കാർഡിൽ ഉടനടി ഡെബിറ്റ് ചെയ്യും. ചിലപ്പോൾ, ഇടപാട് തുകയും അതുപോലെ/ അല്ലെങ്കിൽ ।ടിപ്പ്, സർചാർജ്ജ്, പ്രത്യേക ഇടപാട് തുകകൾ എന്നിവയും പിന്നീടുള്ള ഒരു ദിവസമായിരിക്കും ഡെബിറ്റ് ചെയ്യുക. അത്തരത്തിലുള്ള ഇടപാടുകൾ വഴി ഉണ്ടാകുന്ന ചെലവുകൾക്ക് മതിയായ ബാലൻസ് അയാളുടെ/ അവരുടെ പ്രീപെയ്ഡ് കാർഡിൽ ഉണ്ടെന്ന് കാർഡ് ഉടമ ഉറപ്പു വരുത്തണം.

ESFB നൽകിയ പ്രീപെയ്ഡ് കാർഡ് ഉപയോഗിച്ചുള്ള ഇടപാടുകൾക്ക്, അത് കാർഡ് ഉടമയുടെ അംഗീകാരത്തോടെയാണെങ്കിലും അല്ലെങ്കിലും, കാർഡ് ഉടമ തന്നെയായിരിക്കും ഉത്തരവാദി. PIN അനധികൃതമായി ഉപയോഗിക്കുക വഴി ഉണ്ടായേക്കാവുന്ന നഷ്ടങ്ങൾക്കും നാശങ്ങൾക്കും ഏതെങ്കിലും ഭാഗത്തു നിന്നുണ്ടായേക്കാവുന്ന നിയമ നടപടികൾക്ക് എതിരെയും, RBI മാർഗ്ഗനിർദ്ദേശങ്ങൾക്കോ ഇന്ത്യയിൽ നിലനിൽക്കുന്ന മറ്റേതെങ്കിലും നിയമങ്ങൾക്കോ എതിരായി പ്രവർത്തിക്കുക വഴി ഉണ്ടായേക്കാവുന്ന ശിക്ഷാ നടപടികളിൽ നിന്നും കാർഡ് ഉടമ ബാങ്കിന് സംരക്ഷണം നൽകേണ്ടതാണ്

പ്രീപെയ്ഡ് കാർഡ് ലഭിക്കുന്നതിനും, പുതുക്കുന്നതിനു അല്ലെങ്കിൽ കാലാവധി തീരുന്നതിന് മുൻപായി ക്ലോസ്സ് ചെയ്യുന്നതിനും ESFB യുടെ ശാഖകളുമായി ബന്ധപ്പെടുക. കാലാവധി തീരുമ്പോൾ നിങ്ങളുടെ പ്രീപെയ്ഡ് കാർഡ് അക്കൗണ്ട് പുതുക്കുന്നതിനുള്ള പൂർണ്ണമായ വിവേചന അധികാരം ബാങ്കിന് ഉണ്ടായിരിക്കും.

കാർഡ് ഉടമ ശ്രദ്ധയോടെയും ശ്രിയായ രീതിയിലും ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി കാർഡ് ബാലൻസ് ഉപയോഗിക്കേണ്ടതാണ്. പ്രീപെയ്ഡ് കാർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകക്ക് കാർഡ് ഉടമക്ക് പലിശ ലഭിക്കുന്നില്ല. പർച്ചേസിനു/ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ തുക, മറ്റേതെങ്കിലും ചാർജ്ജുകൾ ഉണ്ടെങ്കിൽ അത് ഉൾപ്പടെയുള്ള കൃത്യമായി ഇടപാട് നടത്താൻ ആവശ്യപ്പെടുന്നു, അതല്ലെങ്കിൽ, ഇടപാടുകൾ അംഗീകരിക്കപ്പെട്ടെന്ന് വരില്ല.

ATM ലേയോ, വ്യാപാര സ്ഥാപനങ്ങളിലെയോ ഇടപാടുകളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടെങ്കിൽ കാർഡ് ഉടമ അക്കാര്യം ബാങ്കിനെ 7 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം അറിയിച്ചിരിക്കണം. നിശ്ചിത സമയത്തിനുള്ളിൽ അറിയിപ്പ് ലഭിച്ചിട്ടില്ലെങ്കിൽ, ഇടപാടുകൾ ശരിയായ രീതിയിൽ നടന്നതായി ബാങ്ക് അനുമാനിക്കും.

ഏതെങ്കിലും ഇടപാടുകൾ റദ്ദാക്കിയാൽ അതിൽ ഉൾപ്പെട്ട പണം കാർഡ ഉടമയ്ക്ക് ക്രെഡിറ്റ് ചെയ്യാൻ അനുവാദമുണ്ടായിരിക്കും എന്നാൽ, കാർഡ് ഉടമയ്ക്ക് ക്യാഷ് ആയി തുക നൽകുന്നതല്ല. ഇത്തരത്തിൽ വ്യാപാരികൾ പണം

മടക്കി നൽകുമ്പോൾ അതിന് ബാധകമാകുന്ന നിരക്കുകൾ ESFB തിരികെ പിടിക്കുന്നതായിരിക്കും.

നഷ്ടപ്പെട്ടതും മോഷ്ടിക്കപ്പെട്ടതുമായ കാർഡുകൾ

കാർഡോ അല്ലെങ്കിൽ PIN നമ്പരോ നഷ്ടപ്പെടുകയോ, മോഷ്ണം പോവുകയോ അതല്ലെങ്കിൽ ദുരുപയോഗം ചെയ്യുകയോ ചെയ്താൽ ഉടനടി കാർഡ് ഉടമ അക്കാര്യം, ESFB യുടെ ഉപഭോക്തൃ വിഭാഗത്തെ, കാർഡന്റെ പുറകിൽ നൽകിയിരിക്കുന്ന നമ്പറിൽ ബന്ധപ്പെട്ട് അറിയിക്കേണ്ടതാണ്. കാർഡ് ഉടമകൾ PIN ഓർമ്മവയ്ക്കുകയും, PIN അറിയിപ്പോടെ എത്തിയ മെയിൽ നശിപ്പിക്കുകയും ചെയ്തു. അറിയിപ്പ് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ കാർഡ് ബ്ലോക്ക് ചെയ്യുകയും, പ്രീപെയ്ഡ് കാർഡിലെ പണം സംരക്ഷിക്കുന്നതിനുള്ള നടപടികൾ, റിപ്പോർട്ട് ലഭിച്ച ഉടൻ തന്നെ ആരംഭിക്കുകയും ചെയ്യും കാർഡ് ഉട്മയുടെ ഐഡന്റിറ്റി പരിശോധിച്ചതിന് ശേഷം, ബാങ്കിന്റെ വിവേചനാധികാരം ഉപയോഗിച്ച് നഷ്ടപ്പെട്ട കാർഡിന് പകരം പുതിയ കാർഡ് ESFB നൽകുന്നതായിരിക്കും. എന്നാൽ, അതിന് ബാധകമായ ചാർജ്ജുകൾ ഈടാക്കുന്നതും ആയിരിക്കും.

ഇടപാടുകളുടെ പരിധികൾ

ESFB യും/ അല്ലെങ്കിൽ വ്യാപാരസ്ഥാപനങ്ങളിലെ പോയിന്റ് ഓഫ് സെയിൽ ഒരു നിശ്ചിത കാലത്ത് നടത്താവുന്ന ഇടപാടുകളുടെ എണ്ണത്തിനും തുകയ്ക്കും പരിധി നിശ്ചയിക്കും (ഇടപാടുകളുടെ പരിധി) ESFB യുടെ വെബ്സൈറ്റായ ൽ ക്രമീകരിച്ചിരിക്കുന്ന ഇടപാടുകളുടെ പരിധി കാർഡ് ഉടമക്ക് ബാധകവും അത് അനിസരിക്കാനുള്ള ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതാണ്. ഏതൊരു കാരണത്താലും, ഏത് സമയത്തും ഇടപാടുകളുടെ പരിധിയിൽ ESFB ക്ക് ഭേദഗതികൾ വരുത്താവുന്നതാണ്. equitasbank.com എന്ന വെബ്സൈറ്റിലോ കസ്റ്റമർ സർവീസ് സെന്ററിൽ നിന്നോ കാർഡ് ഉടമകൾക്ക് ഈ ഭേദഗതിയെ കുറിച്ച് അറിയാൻ കഴിയുന്നതാണ്.

ലംഘനങ്ങൾ:

ഏതെങ്കിലും കാർഡ് ഉടമ വ്യവസ്ഥകളും നിബന്ധനകളും ലംഘിക്കപ്പെട്ടാൽ ഏതെങ്കിലും വിധത്തിലുള്ള പുനപരിശോധന കൂടാതെ പ്രീപെയ്ഡ് കാർഡ് റദ്ദാക്കാനോ അല്ലെങ്കിൽ പിടിച്ചുവയ്ക്കാനോ ESFB ക്ക് എല്ലാ അധികാരവുമുണ്ടായിരിക്കുന്നതാണ്.

വ്യവസ്ഥകളും നിബന്ധനകളും ലംഘിക്കുക വഴി പ്രത്യക്ഷമായോ പരോക്ഷമായോ ESFB ക്ക് നേരെ വരാൻ സാധ്യതയുള്ള നടപടികളിൽ നിന്നും അല്ലെങ്കിൽ നഷ്ടങ്ങളിൽ നിന്നും ചെലവുകളിൽ നിന്നും കാർഡ് ഉടമ, ESFB യെ സംരക്ഷിക്കാമെന്ന് ഉറപ്പ് നൽകുന്നു.

കാലഹരണപ്പെടൽ, റദ്ദാക്കൽ, നിർത്തലാക്കൽ

ഒരു കാർഡ് ഹോൾഡർക്ക് നൽകുന്ന കാർഡ് അതിൽ അച്ചടിച്ചിരിക്കുന്ന തീയ്യതി വരെ സാധുതയുള്ളതായിരിക്കും. കാർഡിൽ പരാമർശിച്ചിരിക്കുന്ന കാലാവധി തീരുന്നതോടെ കാർഡ് കാലഹരണപ്പെടും. താഴെ പറയുന്ന സാഹചര്യങ്ങളിൽ ESFB ക്ക് കാർഡ് റദ്ദാക്കാൻ കഴിയുന്നതാണ്. (i) കാർഡ് ഉടമ പാപ്പരായി പ്രഖ്യാപിക്കപ്പെട്ടാൽ അല്ലെങ്കിൽ അയാളുടെ/ അവളുടെ മരണത്തിൽ (ii) വ്യവസ്ഥകളും നിബന്ധനകളും എന്നതിനു കീഴിലുള്ള വ്യവസ്ഥകളോ, നിബന്ധനകളോ, നിർദ്ദേശങ്ങളോ, ബാദ്ധ്യതകളോ കാർഡ് ഉടമ ലംഘിച്ചാൽ (iii) തുടർച്ചയായ ഒരു വർഷക്കാലത്തേക്ക് സാമ്പത്തിക ഇടപാടുകൾ നടത്താത്ത PPIs കൾ നിഷ്ക്രിയമാക്കുന്നതായിരിക്കും. (iv) ഏതെങ്കിലും ഒരു കോടതിയുടെ ഉത്തരവ് പ്രകാരമോ, ഏതെങ്കിലും ഉത്തരവാദിത്തപ്പെട്ട ഒരു റെഗുലേറ്ററി അല്ലെങ്കിൽ നിയമപരമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇന്ത്യയിലെ ഏതെങ്കിലും സ്ഥപനത്തിന്റെയോ അന്വേഷണ ഏജൻസിയുടെയോ ഉത്തരവ് പ്രകാരമോ കാർഡ് ഉടമയുടെ പേരിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളോ നിരോധനമോ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ (v) ബാധകമാകുന്ന നിയമങ്ങൾ, ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ, സർക്കുലർ എന്നിവ വഴി പ്രീപെയ്ഡ് കാർഡ് നിയമവിരുദ്ധമായാൽ (vi) പ്രീപെയ്ഡ് കാർഡ് പ്രോഗ്രാം പൂർണ്ണമായും നിർത്തലാക്കിയാൽ (vii) കാർഡ് റദ്ദാക്കാൻ അല്ലെങ്കിൽ മരവിപ്പിക്കാനുള്ള, കോർപ്പറേറ്റ്/ പ്രോഗ്രാം മാനേജറുടെ പ്രത്യേക ആവശ്യപ്രകാരം അല്ലെങ്കിൽ, റദ്ദാക്കിയ അല്ലെങ്കിൽ (viii) മരവിപ്പിച്ച കാർഡുകളുടെ പ്രൊസസ്സിംഗ് പേയ്മെന്റുകൾ അല്ലെങ്കിൽ (ix) നിയമം വഴി നടപ്പിലാക്കിയ നിയന്ത്രണങ്ങൾ ഉൾപ്പടെ എന്നാൽ അതിൽ ഒതുങ്ങാതെ, തങ്ങളുടെ നിയന്ത്രണത്തിലല്ലാത്ത കാരണങ്ങളാൽ കാർഡുമായി ബന്ധപ്പെട്ട പേയ്മെന്റുകൾ പ്രൊസസ്സ് ചെയ്യാൻ ESFB ക്ക് കഴിയാതെ വന്നാൽ

ഫീസ്:

പണം പിൻവലിക്കൽ, ബാലൻസ് എൻക്വയറി,അ തുപോലെ/ അല്ലെങ്കിൽ മറ്റ് ഇടപാടുകൾ എന്നിവയ്ക്കുള്ള ട്രാൻസാക്ഷൻ ഫീസ് ഇടപാടുകളുടെ തുക ഡെബിറ്റ് ചെയ്യുന്ന സമയത്തോ ആ ദിവസത്തിന്റെ അവസാനത്തിലോ പ്രീപെയ്ഡ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യപ്പെടും. പ്രീപെയ്ഡ് കാർഡുകൾ ഉപയോഗിക്കുന്നതിനുള്ള ചാർജ്ജുകൾ/ ഫീസുകൾ സമയാസമയങ്ങളിൽ, മുൻകൂട്ടി അറിയിപ്പുകൂടാതെ, ഭേദഗതി വരുത്താനോ മാറ്റാനോ ESFB ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. സമയാസമയങ്ങളിൽ, ESFB തങ്ങളുടെ വെബ്സൈറ്റിൽ അറിയിപ്പ് നൽകുന്നതുപോലെ ആയിരിക്കും ഈ ചാർജ്ജുകളും, ചാർജ്ജുകൾ കണക്കാക്കുന്ന രീതിയും www.equitasbank.com. ഇവിടെ നൽകിയിരിക്കുന്നതിൽ ഒന്നും തന്നെ, പ്രീപെയ്ഡ് കാർഡ് വഴിയുള്ള ഇടപാടുകൾക്ക് ബാധകമായ നിയമങ്ങൾക്ക് അനുസരിച്ച് സോഴ്സിൽ നിന്നും നികുതി ഈടാക്കാൻ ESFB യെ തടയുന്നില്ല

പരാതികൾ:

ഏതെങ്കിലും സാധനങ്ങൾ വാങ്ങുന്ന സമയത്ത്, കാർഡ് ഉടമയുടെ ഒപ്പോടുകൂടിയ സെയിൽസ് സ്ലിപ്പും അതിൽ പരാമർശിച്ചിരിക്കുന്ന കാർഡ് നമ്പറും കാർഡ് ഉടമയുടെ സാമ്പത്തിക ബാദ്ധ്യതക്ക് തെളിവായി ബാങ്കിന് സ്വീകരിക്കാവുന്നതാണ്.

വാങ്ങിയ സാധനങ്ങളോ സേവനങ്ങളോ സംബ്നധിച്ച് ഏതെങ്കിലും വ്യാപാരിയുമായി ഉള്ള തർക്കങ്ങളോ വ്യാപാരിക്കെതിരെയുള്ള പരാതികളോ, കാർഡ് ഉടമ, വ്യാപാരിയുമായി നേരിട്ട് തീർക്കേണ്ടതുണ്ട്.

ഏതെങ്കിലും വ്യാപാരസ്ഥാപനങ്ങൾ പ്രീപെയ്ഡ് കാർഡ് സ്വീകരിക്കാൻ വിസമ്മതിച്ചാൽ അതിന്റെ ഒരു തരത്തിലുള്ള ഉത്തരവാദിത്തവും ESFB ഏറ്റെടുക്കുന്നതല്ല

വെളിപ്പെടുത്തലുകൾ :

കാർഡിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ മറ്റ് ബാങ്കുകൾ, സാമ്പത്തിക സ്ഥാപനങ്ങൾ, നിയമ അധോറിറ്റികൾ, റെഗുലേറ്ററി അധോറിറ്റികൾ എന്നിവയുമായി പങ്കുവയക്കുമെന്ന് കാർഡ് ഉടമയ്ക്ക് അറിയാം, അതുപോലെ അവൻ/ അവൾ/ അത് അതിനുള്ള സമ്മതം നൽകുകയും ചെയ്യുന്നു.

കാർഡ് ഉപയോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ അല്ലെങ്കിൽ/ അതുപോലെ ഏതെങ്കിലും തരത്തിലുള്ള കൃത്യവിപലോപങ്ങൾ എന്നിവ ESFB മറ്റ് ബാങ്കുകൾ, സാമ്പത്തിക സ്ഥാപനങ്ങൾ, നിയമ അധോറിറ്റികൾ എന്നിവയുമായി പങ്കുവയ്ക്കുമെന്ന് കാർഡ് ഉടമ മനസ്സിലാക്കുകയും അതിന് സമ്മതിക്കുകയും ചെയ്യുന്നു അത്തരത്തിൽ വിവരങ്ങൾ നൽകുന്ന ബാങ്ക്, സാമ്പത്തിക സ്ഥാപനങ്ങൾ, നിയമപരമായ അധോറിറ്റികൾ, റെഗുലേറ്ററി ബോഡികൾ എന്നിവയെ സംബന്ധിച്ച വിവരങ്ങളോ, അവക്ക് നൽകിയ വിവരങ്ങളോ കാർഡ് ഉടമയോട് വെളിപ്പെടുത്താൻ ESFB ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

കാർഡ് ഉടമയെ കുറിച്ചുള്ള വിവരങ്ങളും പേയ്മെന്റ് ചരിത്രവും ESFB’ അഫിലിയേറ്റുകളോട് വെളിപ്പെടുത്താനും, പങ്കുവയ്ക്കാനും കാർഡ് ഉടമ ESFB യ്ക്കും അതിന്റെ ഏജന്റുമാർക്കും അനുമതി നൽകുന്നു.

ബാധകമായ നിയമങ്ങളും നീതിന്യായ അധികാര പരിധിയും

ഈ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച തർക്കങ്ങൾ ഇന്ത്യൻ നിയമങ്ങൾക്കും നിയമ വ്യവസ്ഥകൾക്കും ബാധകമായിരിക്കും. എല്ലാ നിയമ നടപടികളും ചെന്നൈയിലെ കോടതികളുടെ നിയമ പരിധിയിലായിരിക്കും വരിക.

വ്യവസ്ഥക്ളിലും നിബന്ധനകളിലും വരാവുന്ന മാറ്റങ്ങൾ :

പലിശ നിരക്ക്, ചാർജ്ജുകൾ എന്നിവയും അവ കണക്കാക്കുന്ന രീതിയും ഉൾപ്പടെ, എന്നാൽ, അതിൽ പരിമിതപ്പെടുത്താതെ, പ്രീപെയ്ഡ് കാർഡ് നൽകുന്ന പ്രയോജനങ്ങൾ, സവിശേഷതകൾ, വ്യവസ്ഥകളും നിബന്ധനകളും എന്നിവയിൽ മാറ്റങ്ങൾ വരുത്താനും, ഭേദഗതികൾ കൊണ്ടുവരാനും പുനർ രൂപകല്പന ചെയ്യാനും ESFB ക്ക് പൂർണ്ണമായ അധികാരമുണ്ടായിരിക്കും.

a. വ്യവസ്ഥകളിലും നിബന്ധനകളിലും വരുത്തുന്ന മാറ്റങ്ങൾ, ESFB അവരുടെ വെബ്സൈറ്റ് ആയ വഴിയോ അപ്പോൾ തീരുമാനിക്കുന്ന മറ്റ് മാർഗ്ഗങ്ങളിലൂടെയോ ഉപഭോക്താക്കളെ അറിയിക്കുന്നതായിരിക്കും.
b. പ്രീപെയ്ഡ് കാർഡ് ഉപയോഗിക്കുക വഴി ESFB യുടെ വെബ്സൈറ്റ് ആയ www.equitasbank.com ൽ പ്രസിദ്ധപ്പെടുത്തിയ നിബന്ധനകളും വ്യവസ്ഥകളും കാർഡ് ഉടമ വായിച്ചിരിക്കുമെന്നും ESFB യുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ വ്യവസ്ഥകളും നിബന്ധനകളും അനുസരിക്കുമെന്ന് സമ്മതിച്ചതായും കണക്കാക്കപ്പെടും

ഉപഭോക്തൃ പരാതി പരിഹരണം

a. പ്രീപെയ്ഡ് കാർഡുമായി ബന്ധപ്പെട്ട അതുപോലെ/ അല്ലെങ്കിൽ ഈ വ്യവസ്ഥകളും നിബന്ധനകളുമായി ബന്ധപ്പെട്ട പരാതികൾ ഉണ്ടെങ്കിൽ കാർഡ് ഉടമകൾ ESFB യുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ നമ്പറായ 1800-103-1222 ലോ ഈമെയിൽ ആയ: customerservice@equitasbank.com ലോ ബന്ധപ്പെടുകയോ അല്ലെങ്കിൽ കത്ത് അയക്കേണ്ട വിലാസം ഇകിറ്റാസ് സ്മോൾ ഫിനാൻസ് ബാങ്ക് 4-മത് നില, ഫേസ് II, സ്പെൻസർ പ്ലാസ, നം .769, അണ്ണാശാല, ചെന്നൈ 600 002
b. പ്രീപെയ്ഡ് കാർഡുമായ ബന്ധപ്പെട്ട, അതുപോലെ/ അല്ലെങ്കിൽ ഈ വ്യവസ്ഥകളും നിബന്ധനകളുമായി ബന്ധപ്പെട്ട പരാതികൾ ESFB കസ്റ്റമർ കെയർ തൃപ്തികരമായി പരിഹരിച്ചില്ലെങ്കിൽ ESFB യുടെ പ്രിൻസിപ്പൽ നോഡൽ ഓഫീസറെ സമീപിക്കുക. അതിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.
c. കാർഡ് ഉടമകൾ ഉയർത്തുന്ന പരാതികളും തർക്കങ്ങളും സമയ പരിതിക്കുള്ളിൽ തീർപ്പാക്കുമെന്ന് ESFB സമ്മതിക്കുന്നു.
d. കാർഡ് ഉടമയ്ക്ക് പ്രശ്ന പരിഹരണത്തിനായി ബാങ്കിംഗ് ഓംബുഡ്സ്മാനെ ഏതൊരു സമയത്തും സമീപിക്കാവുന്നതാണ്.

ഇകിറ്റാസ് സ്മോൾ ഫിനാൻസ് ബാങ്ക് ന്റെ അധികാരത്തിന് വിധേയമായ മേൽ പറഞ്ഞ വ്യവസ്ഥകളും നിബന്ധനകളും സമയാസമയങ്ങളിൽ പരിഷ്കരിക്കപ്പെടാവുന്നതാണ്. ഏറ്റവും പുതിയ വ്യവസ്ഥകളും നിബന്ധനകളും അറിയാൻ ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക **www.Equitasbank.com.**